ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:04.01.2026**

## പ്രധാനവാർത്തകൾ

1. വാരാണസിൽ നടക്കുന്ന 72 ആമത് ദേശീയ വോളിബോൾ ടൂർണമെൻറ് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യു.
2. അഴിമതി രഹിത സേവനത്തിലൂടെ മാത്രമേ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തിയാക്കാനാകൂയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; രജിസ്ട്രേഷൻ ദിനാചരണം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യു.
3. പതിനഞ്ചാം കേരള നിയമ സഭയുടെ 16 ആം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും; ബജറ്റവതരണം 29ന്.
4. തൃശൂർ റെയിൽവേ സ്റ്റേഷനിലെ അഗ്നിബാധയിൽ റെയിൽവേ ഉദ്യോഗസ്ഥരോട് വിശദീകരണം തേടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
5. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ ലക്ഷദീപത്തോടനുബന്ധിച്ച് ബാർകോഡിംഗ് സംവിധാനമുള്ള പാസ്സുകൾ ഏർപ്പെടുത്താൻ തീരുമാനം.

RNU TVPM

6. കാഴ്ചപരിമിതിയുള്ളവരുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ ഓർമ്മക്കായി ഇന്ന് അന്താരാഷ്ട്ര ബ്രെയിലി ദിനം.

&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി - വോളിബോൾ</u>

വാരാണസിൽ നടക്കുന്ന 72 ആമത് ദേശീയ വോളിബോൾ ടൂർണമെൻറ് പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി ഉദ്ഘാടനം ചെയ്യു. ഇന്നുമുതൽ ഈ മാസം 11 വരെ വാരാണസിയിലാണ് ടൂർണമെൻറ്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള 73 ഓളം പുരുഷ -വനിതാ ടീമുകളിലായി ആയിരത്തിലേറെ കായികതാരങ്ങൾ പങ്കെടുക്കും.

&&&&&&&&&&&&&&&&

<u>രജിസ്ട്രേഷൻ ദിനം- മുഖ്യമന്ത്രി</u>

സർക്കാരിന്റെ കർക്കശ സമീപനം കൊണ്ടാണ് സംസ്ഥാനത്ത് അഴിമതി തുടച്ചു നീക്കാൻ സഹായിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഴിമതി രഹിത സേവനത്തിലൂടെ മാത്രമേ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തിയാക്കാനാകൂ എന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ അഞ്ചരക്കണ്ടിയിൽ രജിസ്ട്രേഷൻ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രജിസ്ട്രേഷൻ അവാർഡുകളും മുഖ്യമന്ത്രി സമ്മാനിച്ചു.

&&&&&&&&&&&&&&&&

RNU TVPM

**മുഖ്യമന്ത്രി- കണ്ണൂർ**

കണ്ണൂർ അഞ്ചരക്കണ്ടിയിൽ ആരംഭിക്കുന്ന അഗ്നിശമന സേനയുടെ ഫയർ ആൻഡ് സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസേർച്ച് സെന്ററിന്റെ ശിലാസ്ഥാപനവും മുഖ്യമന്ത്രി നിർവഹിച്ചു. അഞ്ചരക്കണ്ടി ബംഗ്ലാവ് മെട്ടയിലാണ് കേന്ദ്രം സ്ഥാപിക്കുന്നത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷനായി.

**&&&&&&&&&&&&&&&&**

**കേരള നിയമസഭ- ഇൻട്രോ**

പതിനഞ്ചാം കേരള നിയമ സഭയുടെ 16 ആം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. ഈ സർക്കാരിന്റെ കാലത്തെ അവസാനത്തെ സഭാ സമ്മേളനമാണ് ചേരുന്നത്. ഈ മാസം 29 നാണ് ബജറ്റ്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്.....**

(വോയിസ്)

**&&&&&&&&&&&&&&&&**

**മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാരീരിക

RIJU TVPM

ബുദ്ധിമുട്ട് ഉള്ളവർക്കും വയോധികർക്കും പ്രവാസികൾക്കും നേരിട്ട് വരാതെ തന്നെ ഹിയറിങ്ങ് നടത്താൻ സൗകര്യം ഒരുക്കുമെന്ന് ശ്രീ രത്തൻ യു കേൽക്കർ പറഞ്ഞു.

**&&&&&&&&&&&&&&&&**

**ആൻറണി രാജു**

തൊണ്ടിമുതൽ തിരിമറി കേസിൽ തടവ് ശിക്ഷ ലഭിച്ചതോടെ ആൻ്റണി രാജു എം എൽ എ അയോഗ്യനായി. കോടതി ഉത്തരവിൻറെ പകർപ്പ് ലഭിച്ചാലുടൻ അയോഗ്യനാക്കി കൊണ്ടുള്ള വിജ്ഞാപനം നിയമസഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കും. മൂന്ന് വർഷമാണ് ശ്രീ ആൻറണി രാജുവിന് തടവുശിക്ഷ വിധിച്ചിരിക്കുന്നത്. ഏതെങ്കിലും കോടതി 2 വർഷത്തിൽ കൂടുതൽ ശിക്ഷിച്ചാൽ അയോഗ്യനാകുമെന്നാണ് സുപ്രീം കോടതി വിധി. വരുന്ന തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും കഴിയില്ല.

RNU TVPM

**&&&&&&&&&&&&&&&&**

**ലക്ഷദീപം പാസ്**

തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ആറ് വർഷത്തിലൊരിക്കൽ നടക്കുന്ന ലക്ഷദീപത്തോടനുബന്ധിച്ച് തിരക്ക് നിയന്ത്രിക്കുന്നതിനായി ബാർകോഡിംഗ് സംവിധാനമുള്ള പാസ്സുകൾ ഏർപ്പെടുത്താൻ തീരുമാനം. ഓൺലൈനായാണ് പാസ്സുകൾ ബുക്ക് ചെയ്യേണ്ടത്. 15,000 പാസ്സുകളാണ് നൽകുക. മന്ത്രി വി.ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ഇന്നലെ ഇത് സംബന്ധിച്ച അവലോകന യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി. ലക്ഷദീപം നടക്കുന്ന ജനുവരി 14ന് ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി നൽകുന്നത് പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

<u>ശബരിമല</u>

മകരസംക്രമസന്ധ്യയിൽ ശബരീശ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ ഈമാസം 12 ന് പന്തളത്തുനിന്ന് ഘോഷയാത്രയായി ശബരിമലയിലേക്ക് കൊണ്ടു പോകും. പതിനാലിനാണ് മകരവിളക്ക്. പന്തളം വലിയ തമ്പുരാൻറെ പ്രതിനിധിയായി പി എൻ നാരായണ വർമയാണ് ഇത്തവണ ഘോഷയാത്ര നയിക്കുന്നത്.

&&&&&&&&&&&&&&&&

<u>ആറ്റുകാൽ പൊങ്കാല</u>

ഇത്തവണയും ആറ്റുകാൽ പൊങ്കാലയ്ക്ക് ഹരിത ചട്ടം കർശനമായി പാലിക്കാൻ നിർദ്ദേശം. ഇതിനായി ഗ്രീൻ ആർമി രൂപീകരിക്കാൻ മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമായി. പൊങ്കാല ദിനത്തിൽ 3640 പോലീസുകാരെയും 3500 ശുചീകരണ തൊഴിലാളികളെയും നിയോഗിക്കും. കെ.എസ്.ആർ.ടി.സിയുടെ പ്രത്യേക സർവീസ് 800 ആയി ഉയർത്താനും തീരുമാനം. ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെയാണ് ആറ്റുകാൽ പൊങ്കാല മഹോത്സവം.

RNUTVPM

&&&&&&&&&&&&&&&&

<u>ജി ആർ അനിൽ</u>

സംസ്ഥാന സർക്കാർ സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ എട്ട് കിലോഗ്രാം അരി ഒറ്റതവണയായി നൽകുന്ന കാര്യം പരിഗണിക്കുമെന്ന് ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. നിലവിൽ രണ്ടു തവണകളായി നാലു കിലോഗ്രാം വീതമാണ് സബ്സിഡി

മട്ട അരി നൽകുന്നത്. വയോധികർക്കും ഭിന്നശേഷിക്കാർക്കും രണ്ടു തവണ ഇതിനായി കടകളിലെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നത് കണക്കാക്കിയാണ് നടപടി. അരിയുടെ ലഭ്യത ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഇത് നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**തൃശ്ശൂർ തീപിടിത്തം- ഇൻട്രോ**

തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ വൻ അഗ്നിബാധ. റെയിൽവേ സ്റ്റേഷന്റെ പിൻഭാഗത്തെ പ്രവേശന കവാടത്തിലെ ബൈക്ക് പാർക്കിങ് ഏരിയയിലാണ് തീപിടിച്ചത്. നിരവധി ബൈക്കുകൾ കത്തി നശിച്ചു. തീ അടുത്തുള്ള മരത്തിലേക്കും പടർന്നിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

**തൃശ്ശൂർ തീപിടിത്തം- അന്വേഷണം**

റെയിൽവേ സ്റ്റേഷനിലെ അഗ്നിബാധയിൽ ഉന്നത റെയിൽവേ ഉദ്യോഗസ്ഥരോട് കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി വിശദീകരണം ആവശ്യപ്പെട്ടു. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറോട് അടിയന്തര അന്വേഷണ റിപ്പോർട്ട് നൽകാൻ മന്ത്രി കെ രാജനും നിർദേശിച്ചു. അപകട കാരണം കണ്ടെത്താൻ അന്വേഷണം ആരംഭിച്ചതായും ഫോറൻസിക് സംഘത്തെ അടക്കം എത്തിച്ച് പരിശോധന നടത്തുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

ഇടുക്കി- ഇൻട്രോ

നെൽകൃഷിയെ നെഞ്ചോട് ചേർത്ത് ഇടുക്കി അടിമാലി പഞ്ചായത്തിലെ കുഞ്ചിപ്പെട്ടി ആദിവാസി ഉന്നതി. കുഞ്ചിപ്പെട്ടി പാടശേഖരത്ത് 40 ഏക്കറോളം വരുന്ന സ്ഥലത്താണ് നെൽക്കൃഷിയിറക്കിയിട്ടുള്ളത്. നെല്ല് കൊയ്തെടുത്ത് പാടത്ത് വെച്ച് തന്നെ യന്ത്ര സഹായത്തോടെ മെതിച്ചെടുക്കുന്ന ജോലികൾ ഇവിടെ നടന്നുവരികയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

ബ്രെയിലി ദിനം

ഇന്ന് അന്താരാഷ്ട്ര ബ്രെയിലി ദിനം. കാഴ്ച പരിമിതി ഉള്ളവരുടെ മനുഷ്യാവകാശങ്ങൾ, വിദ്യാഭ്യാസം, സാമൂഹിക ഉൾച്ചേരൽ എന്നിവയിൽ ബ്രെയ്‌ലിയുടെ സുപ്രധാന പങ്കിനെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ്, ബ്രെയിൽ ലിപിയുടെ ഉപജ്ഞാതാവായ ലൂയി ബ്രെയ്‌ലിയുടെ ജന്മദിനമായ ജനുവരി 4, ലോക ബ്രെയിലി ദിനമായി ആചരിക്കുന്നത്. വ്യക്തികൾക്ക് സ്വാതന്ത്ര്യവും, വിവര ലഭ്യതയും പ്രദാനം ചെയ്യുന്നതിലൂടെ അവരെ ശാക്തീകരിക്കുകയും, സമൂഹത്തിന്റെ മുഖ്യ ധാരയിൽ ഇടപെടുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&

**<u>പുനർജനി</u>**

പുനർജനി വിഷയത്തിൽ പ്രതിപക്ഷ നേതാവിനെതിരെ അന്വേഷണം നടത്താനുള്ള സർക്കാർ നീക്കം രാഷ്ട്രീയ പ്രേരിതമെന്ന് കെ പി സി സി വർക്കിംഗ് പ്രസിഡണ്ട് ഷാഫി പറമ്പിൽ. തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള ഇലക്ഷൻ സ്റ്റണ്ടാണ് സർക്കാരിൻ്റെതെന്നും അദ്ദേഹം ആരോപിച്ചു.

**&&&&&&&&&&&&&&&&**

**<u>കണക്ട് ടു വർക്ക്</u>**

മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. നൈപുണ്യ വികസന പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുമായി തൊഴിൽപരിശീലനത്തിന് പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത 18 മുതൽ 30 വയസ് വരെ പ്രായപരിധിയിലുള്ളവരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് <u>eemployment.kerala.gov.in</u> എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

PNU TVPM

**&&&&&&&&&&&&&&&&**

**<u>സ്ത്രീ സുരക്ഷാ പെൻഷൻ</u>**

സ്ത്രീ സുരക്ഷാ പെൻഷന് അപേക്ഷാ ഫീസ് നിശ്ചയിച്ച് സംസ്ഥാന സർക്കാർ. രജിസ്ട്രേഷൻ, അനുബന്ധ സേവനങ്ങൾ എന്നിവയെല്ലാം ചേർത്ത് അക്ഷയ ഫീസ് നിരക്ക് 40 രൂപയായി നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കി. 'സ്ത്രീ സുരക്ഷാ പദ്ധതി'യുടെ അപേക്ഷകൾ

ksmart.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖേന നൽകാവുന്നതാണ്.

**&&&&&&&&&&&&&&&&**

<u>പത്തനംതിട്ട- ഗതാഗത നിയന്ത്രണം</u>

മുളക്കുഴ കോട്ട ഭാഗത്ത് കൂടി പത്തനംതിട്ടയിലേക്കും, ചെങ്ങന്നൂരിലേക്കും ഉള്ള ഗതാഗതം നാളെ മുതൽ 60 ദിവസത്തേയ്ക്ക് നിരോധിക്കും. ഈ ഭാഗത്ത് കൂടി കടന്നു പോകേണ്ട വാഹനങ്ങൾ കിടങ്ങന്നൂർ -കുറിച്ചുമുട്ടം- ചെങ്ങന്നൂർ റോഡ് വഴി പോകേണ്ടതാണ്. പത്തനംതിട്ട ജില്ലയിൽ കോട്ട ജംഗ്ഷനിലെ കലുങ്കിൻ്റെ നിർമ്മാണംനാളെ ആരംഭിക്കുന്ന പശ്ചാത്തലത്തിലാണ് ക്രമീകരണം .

**&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&**

RNU TVPM